# ആരാധനാക്രമങ്ങളും വിശുദ്ധ ഗ്രന്ഥവും

സഭയിലെ അനുഷ്ഠാന മുറകൾ (ആരാധനാക്രമങ്ങൾ), അതായത് കടപ്പെട്ട പ്രാർത്ഥനകളും വി. കൂദാശകളും, സാരാംശത്തിൽ **ക്രിസ്തുമതത്തിന്റെ ആരംഭം മുതൽ തന്നെ ഉള്ളതാണെന്ന് വ്യക്തമാണ്.** എന്തെന്നാൽ ദൈവത്തിന്റെ സഭയ്ക്ക് ആരാധനാ സമയത്തുള്ള അപേക്ഷാപരമായ പ്രാർത്ഥനകളും ദിവ്യബലിയുടെ അനുഷ്ഠാനവും **വി. ഗ്രന്ഥത്തിൽ നിന്നുള്ള വായനകളും അവയുടെ വിശദീകരണങ്ങളും കൂടാതെ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ലല്ലോ.** വി. പൗലോസ് പറയും പ്രകാരം ഇവയെല്ലാം സഭയിലേക്ക് കൈമാറിയത് **അപ്പോസ്തലന്മാരാണ്.**

## വി. വേദവായനകൾ

സുറിയാനി വിശാരദർ വി. വേദത്തെ അദ്ധ്യായങ്ങളായി വിഭജിക്കയും അവയിൽനിന്ന് പ്രതിവർഷം വായിക്കാനായി പ്രത്യേകം പാഠങ്ങൾ തിരഞ്ഞെടുക്കയും ചെയ്തു. അവ താഴെപറയും പ്രകാരമാണ്.

1. കൂദോശ് ഈത്തോ (വി. സഭയുടെ ശുദ്ധീകരണം) മുതൽ സ്ലീബാ പെരുനാൾ വരെയുള്ള ഞായറാഴ്ചകളിലേക്ക്
2. നോമ്പുകാലം മുഴുവനിലേക്ക്
3. പ്രധാന പെരുനാളുകളിലേക്ക്
4. പട്ടംകൊട ശുശ്രൂഷകൾക്കും ദയറാ ജീവിതത്തിലേക്കുമുള്ള പ്രവേശന സമയത്തേക്കും.
5. വി. കൂദാശകളുടെ അനുഷ്ഠാന സമയത്തേക്ക് - പ്രത്യേകിച്ചും മാമോദീസ, മൂറോൻ ഇവയുടെ ശുദ്ധീകരണ സമയത്തേക്ക്
6. ശവസംസ്കാര ശുശ്രൂഷകൾക്ക്

കൂടാതെ, ഓരോ ഞായറാഴ്ചയ്ക്കും പെരുനാളുകൾക്കും പഴയ നിയമത്തിൽനിന്ന് മൂന്നും (മൂന്നാമത്തേത് പ്രവാചക പുസ്തക ങ്ങളിൽനിന്ന്) അപ്പോസ്തല പ്രവൃത്തികളിൽനിന്നോ പൊതു ലേഖനങ്ങളിൽനിന്നോ ഉള്ള ഒന്നും പൗലോസിന്റെ ലേഖനങ്ങളിൽ നിന്നുള്ള ഒന്നും സുവിശേഷങ്ങളിൽനിന്ന് ഒന്നും ഉൾപ്പെടുത്തി പുതിയനിയമത്തിൽനിന്നുള്ള മൂന്ന് (പാഠങ്ങൾ) വായനകൾ അവർ നിർദ്ദേശിച്ചു.

വീണ്ടും, ദുഃഖവെള്ളിയാഴ്ചയ്ക്കും, നോമ്പിലെ പ്രത്യേക ഞായറാഴ്ചകളിലേക്കും വി. മൂറോൻ ശുദ്ധീകരണ ശുശ്രൂഷയി ലേക്കും പഴയനിയമത്തിൽനിന്ന് നാലോ അഞ്ചോ വായനകളും അവർ നിർദ്ദേശിച്ചു.[1] വി. മാമോദീസയ്ക്കും വി. ബലിയർപ്പണ ത്തിനും പൗലോസിന്റെ ലേഖനങ്ങളിൽനിന്ന് ഒന്നും സുവിശേഷങ്ങ ളിൽനിന്ന് ഒന്നും മാത്രമെ വായിക്കേണ്ടതുള്ളു. വി. ബലിയർപ്പണ ത്തോടൊപ്പം രാവിലെയും വൈകിട്ടുമായി **മൂന്നു** പാഠങ്ങൾ സുവി ശേഷങ്ങളിൽനിന്നും നിജപ്പെടുത്തി. ജനനപെരുനാളിനും ഉയിർപ്പ് പെരുനാളിനും നാലാമതൊരു പാഠംകൂടി സന്ധ്യയിലേക്ക് ക്രമീ കരിച്ചു. ശനിയാഴ്ചകളൊഴികെയുള്ള നോമ്പുദിവസങ്ങളിൽ ഓരോ ദിവസവും രണ്ടു പ്രാവശ്യം മറ്റു പാഠങ്ങൾ വായിക്കേണ്ടതാണ്. കഷ്ടാനുഭവ ആഴ്ചയിൽ ഓരോ യാമത്തിലും പാഠങ്ങൾ വായി ക്കണം. പെന്തക്കൊസ്തു പെരുനാളിൽ മൂന്നു പാഠങ്ങളും ഉണ്ട്.

ഞായറാഴ്ചകൾ, പെരുനാളുകൾ, സാധാരണ ആരാധന ദിവസങ്ങൾ ഇവയിൽ ഓരോന്നിന്റെയും പ്രത്യേക സവിശേഷതയെ ആസ്പദമാക്കിയാണ് സുവിശേഷപാഠങ്ങൾ സഭാപിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. കിഴക്കോ പടിഞ്ഞാറോ ഉള്ള മറ്റു ക്രിസ്തീയ വിഭാഗങ്ങളിൽ കാണപ്പെടാത്ത ഉന്നതജ്ഞാനം, സൂക്ഷ്മത, അഭി രുചി ഇവയാൽ അലംകൃതമാണ് ഈ ക്രമീകരണങ്ങൾ.

## ബൈബിൾ വായിക്കാത്തവൻ ക്രിസ്ത്യാനിയല്ല

ഇന്നത്തെ ലോകത്തിൽ ബൈബിൾ പ്രചാരണത്തിൽ ഒന്നാം സ്ഥാനത്താണ്. എന്നാൽ വായനയിൽ ഒന്നാം സ്ഥാനത്ത്

ബൈബിൾ അല്ലെന്നാണ് പഠനങ്ങൾ പറയുന്നത്. ഇത് പരിശോധിച്ചു നോക്കുവാനുള്ള മാനദണ്ഡം ഈ ലേഖനത്തിന്റെ വായനക്കാർ തന്നെയാണ്. ഈ ലേഖനം വായിക്കുന്ന ഓരോ ആളും ഏറ്റവും അധികം വായിക്കുന്നത് ബൈബിൾ ആണോ അതോ ഇതര പ്രസിദ്ധീകരണങ്ങളാണോ എന്ന് സ്വയം പരിശോധിക്കുക. പത്രം വായിക്കുവാൻ അരമണിക്കൂർ ചെലവഴിക്കുന്ന വ്യക്തി ബൈബിൾ വായിക്കുവാൻ എത്ര മിനിറ്റ് ഉപയോഗിക്കുന്നു എന്നു പരിശോധിക്കുക. ടെലിവിഷനും നോവലുകളും വായിക്കുന്ന സമയവുമായി ബൈബിൾ വായനാസമയം താരതമ്യപ്പെടുത്തുമ്പോൾ കൂടുതൽ വായിക്കപ്പെടുന്നത് ബൈബിൾ ആണോ എന്നു മനസ്സിലാക്കാം.

## സമയത്തിന്റെ ദശാംശം ബൈബിളിന്

ദശാംശം ദൈവത്തിനും ദൈവികകാര്യങ്ങൾക്കും മാറ്റിവയ്ക്കണം എന്നത് വേദാധിഷ്ഠിതമായ സഭാപ്രമാണമാണ്.

*മനുഷ്യനു ദൈവത്തെ വഞ്ചിക്കാമോ? എന്തിൽ ഞങ്ങൾ നിന്നെ വഞ്ചിക്കുന്നു എന്നു ചോദിക്കുന്നുവെങ്കിൽ ദശാംശങ്ങളിലും ആദ്യഫലങ്ങളിലും തന്നെ. എന്നെ വഞ്ചിക്കുന്നതിനാൽ നിങ്ങൾ ശപിക്കപ്പെട്ടവരത്രെ. സർവജനവുമേ, എന്റെ ഭണ്ഡാരങ്ങളിലേക്ക് നിങ്ങളുടെ ദശാംശങ്ങൾ കൊണ്ടുവരുവിൻ. എന്റെ ആലയത്തിൽ ഭക്ഷണമുണ്ടാകട്ടെ. ബലവാനായ കർത്താവ് പറയുന്നു, നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിച്ചുനോക്കുവീൻ. ഞാൻ ആകാശത്തിന്റെ ജനലുകൾ തുറന്ന് "മതി" എന്ന് നിങ്ങൾ പറയുവോളം അനുഗ്രഹങ്ങൾ കൊണ്ടു നിങ്ങളെ തൃപ്തിപ്പെടുത്താം.*

(മലാഖി 10-13 വിശുദ്ധഗ്രന്ഥം പേജ് 826) ദശാംശങ്ങളെക്കുറിച്ചുള്ള മേൽവാക്യം വിശദീകരണം ആവശ്യമില്ലാത്തതാണ്. ദശാംശം പണമോ വിഭവമോ മാത്രമല്ലെന്നും നമുക്കു ദൈവം നല്കിയിട്ടുള്ള ജീവിതത്തിലെ സമയവും ചേർന്നതാണെന്നു മനസ്സിലാക്കുമ്പോൾ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ബൈബിൾ പഠനത്തിനും എല്ലാം സമയം മാറ്റിവയ്ക്കുവാൻ കഴിയും.

# ബൈബിൾ വായന: ദാവീദിന്റെ പ്രബോധനം

വേദവായനയുടെ പ്രയോജനത്തെ സംബന്ധിച്ച് 118-ാം സങ്കീർത്തനം (വിശുദ്ധഗ്രന്ഥം)—പഴയ ബൈബിളിൽ 119-ാം സങ്കീർത്തനം—പറയുന്നതിങ്ങനെയാണ്.

*ഞാൻ നിനക്കു വിരോധമായി പാപം ചെയ്യാതിരിക്കേണ്ട തിനു നിന്റെ വചനങ്ങൾ എന്റെ ഹൃദയത്തിൽ ഞാൻ സംഗ്ര ഹിച്ചു.*

*(വാക്യം 11).*

പാപം ചെയ്യാതെ ജീവിക്കുവാനുള്ള ഏകമാർഗ്ഗം ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചു സൂക്ഷിക്കുക എന്നതാണ്. മനസ്സിൽ തിരുവചനം നിറയുന്നവന്റെ നാവ് വചനംകൊണ്ടും കൈകൾ നന്മ കൾകൊണ്ടും പാദം വെളിച്ചത്തിലൂടെയും മാത്രം നിറഞ്ഞുനില്ക്കും.

*ബാലൻ തന്റെ വഴി ഏതിനാൽ വെടിപ്പാക്കും; നിന്റെ പ്രമാ ണങ്ങൾ ആചരിക്കുന്നതിനാലല്ലല്ലോ?*

*(വാക്യം 9)*

മാതാപിതാക്കളുടെ ഏറ്റവും വലിയ ചുമതലയാണ് ദൈവവചന വഴിയിൽ അവരെ അഭ്യസിപ്പിക്കുക എന്നത്.

*ഞാൻ നിന്റെ കല്പകളെ ധ്യാനിച്ച് നിന്റെ വഴികളെ അറിഞ്ഞു. ഞാൻ നിന്റെ വചനങ്ങൾ മറക്കാതിരിപ്പാൻ നിന്റെ വേദപ്രമാണത്തെ ധ്യാനിച്ചു.*

*(സങ്കീർത്തനം 118:15-16)*

തിരുവചനം ധ്യാനിക്കുകയും പ്രമാണിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ ഭാഗ്യവാൻ എന്ന് സങ്കീർത്തനം പറയുന്നു.

*കർത്താവിന്റെ പ്രമാണത്തിൽ പ്രസാദം തോന്നി രാവും പകലും തന്റെ വേദപ്രമാണത്തെ ധ്യാനിക്കുന്ന മനുഷ്യനു ഭാഗ്യം.*

*(സങ്കീർത്തനം 1:2)*

തിരുവചന വായനയെ അവഗണിക്കുന്നവർ ഈ വലിയ സത്യത്തെ തിരിച്ചറിയാത്തവരാണ്. വിശുദ്ധ സഭയിലൂടെ വചനത്തിലേക്കും വചനത്തിലൂടെ ആത്മീകതയിലേക്കും അതുവഴി ദൈവസംസർഗത്തിലേക്കും എന്നതായിരിക്കണം ഓരോ ക്രൈസ്തവന്റെയും ലക്ഷ്യം.

## അപ്പോക്രിഫാ എന്നറിയപ്പെടുന്ന
# ഇതര കാനോനിക ഗ്രന്ഥങ്ങൾ
## ബൈബിളിന്റെ അവിഭാജ്യഘടകം

വന്ദ്യ കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ പരിഭാഷപ്പെടുത്തി ഇപ്പോൾ സുറിയാനി സഭയിൽ വ്യാപകമായി പ്രചരിച്ചുവരുന്ന 'വിശുദ്ധഗ്രന്ഥം' ഏറ്റംപഴക്കമേറിയ പ്ശീത്താ സുറിയാനി ബൈബിളിന്റെ പരിഭാഷയാണ്. വളരെ കാലമായി മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികൾ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ 'സത്യവേദപുസ്തകം' എന്ന പ്രൊട്ടസ്റ്റന്റ് ബൈബിൾ പരിഭാഷ പരിചയിച്ചുവന്നിരുന്നതുകൊണ്ട് ഒന്നാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടുവരെ പൗരാണികസഭയും പിതാക്കന്മാരും ഉപയോഗിച്ചിരുന്ന 'സെപ്ത്വജിന്റ്' എന്ന ഗ്രീക്ക് പഴയ നിയമത്തിന്റെ അവിഭാജ്യഘടകമായ 'ഇതര കാനോനിക ഗ്രന്ഥങ്ങൾ' ബൈബിളിന്റെ ഭാഗമായി മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ട് നമ്മുടെ ചില ആളുകൾ വിചാരിക്കുന്നത് കണിയാമ്പറമ്പിലച്ചൻ വി. ഗ്രന്ഥത്തിൽ കൂട്ടിച്ചേർത്തതാണ് അവ എന്നാണ്. എന്നാൽ എ.ഡി. 90-ൽ നടന്ന യഹൂദന്മാരുടെ ജാംമ്നീയ കൗൺസിലിൽ യഹൂദ പഴയനിയമം ആയി യഹൂദപണ്ഡിതന്മാർ തയ്യാറാക്കിയ എബ്രായ (യഹൂദ) കാനോൻ അനുസരിച്ചുള്ള പുസ്തകങ്ങൾ മാത്രം അടങ്ങിയ പഴയ നിയമമാണ് ബൈബിൾ സൊസൈറ്റിയുടെ പഴയ നിയമപുസ്തകം. ക്രൈസ്തവസഭകളുടെ പ്രാരംഭം മുതൽ ഉപയോഗിച്ചുവരുന്ന പഴയനിയമത്തിന്റെ അവിഭാജ്യഘടകമാണ് ഈ കൃതികൾ. പ്രൊട്ടസ്റ്റന്റുകാർ ഗൂഢമായത് എന്ന അർത്ഥത്തിൽ ഈ കൃതികളെ 'അപ്പോക്രിഫാ' എന്നു വിളിക്കുന്നുവെങ്കിലും ഇത് കാനോനിക കൃതികൾ തന്നെയായി വിശുദ്ധസഭ പരിഗണിച്ചുവരുന്നു.

ചരിത്രവും വിജ്ഞാനവും പ്രബോധനവും മുറ്റിനില്ക്കുന്ന ഈ കൃതികൾ മറ്റു ബൈബിൾ കൃതികൾപോലെ തന്നെ വിശ്വാസികൾ വായിച്ചു വളരേണ്ടതാണ്. ഇത്രയും കാലം നമ്മുടെ മലയാളികൾക്കു ലഭ്യമല്ലാതിരുന്ന ഈ കൃതികൾ 193 പേജുകളിലായി 'വിശുദ്ധ ഗ്രന്ഥ'ത്തിൽ പഴയ-പുതിയ നിയമങ്ങൾക്കിടയിലായി ക്രമീകരിച്ചിരിക്കുന്നു. ഈ കൃതികൾ വായിച്ചു പഠിക്കുന്നവർക്കു ലഭ്യമാകുന്ന ആത്മിക ഉത്തേജനം അപരിമിതമാണ്. വായനക്കാരുടെ പ്രചോദനത്തിനായി ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

എന്നും ബൈബിൾ ഭാഗങ്ങൾ ക്രമമായി വായിച്ചുവന്ന ഒരു ബാലൻ ഒരു പുസ്തകം തീർന്നപ്പോൾ അടുത്തതായി ഏതു കൃതി വായിക്കണം എന്ന് അവന്റെ പിതാവിനോടു ചോദിച്ചപ്പോൾ അദ്ദേഹം ഈ കൃതികൾ വായിക്കുവാൻ നിർദ്ദേശിച്ചു. നിർദ്ദേശം സ്വീകരിച്ച ബാലൻ തൂബീദ് വായിക്കുവാൻ തുടങ്ങി. ഏതാനും അധ്യായങ്ങൾ വായിച്ചപ്പോൾ ഈ കൃതികളിൽ ആകൃഷ്ടനായ ബാലൻ തന്റെ പിതാവിനോട് "ഇത്രയും കാലം ഈ പുസ്തകം വായിക്കുവാൻ നിർദ്ദേശിക്കാഞ്ഞത് എന്തുകൊണ്ടാണ്?" എന്നു ചോദിച്ചു. ഒരു ബാലമനസ്സിൽപോലും ശക്തമായ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന ഉപദേശങ്ങൾകൊണ്ട് നിറഞ്ഞിരുന്ന ഈ കൃതികൾ വായിച്ചു തുടങ്ങാത്തവർക്ക് ഈ അനുഭവം പ്രചോദനം നല്കും എന്നു വിശ്വസിക്കുന്നു.

**ഡോ. കുര്യാക്കോസ് എപ്പിസ്കോപ്പാ മൂലയിൽ**
(പബ്ലിക്കേഷൻ ഓഫീസർ, സിറിയൻ ഓർത്തഡോക്സ് ബൈബിൾ
സൊസൈറ്റി ഓഫ് ഇന്ത്യ),
ചീരംചിറ, ചങ്ങനാശ്ശേരി 686 106